**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3719** **09-10-2025 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസ മേഖലയിലെ നൂതന കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉന്നതവിദ്യാഭ്യാസ മേഖലയിൽ വരുത്തിയ മാറ്റങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഉന്നതവിദ്യാഭ്യാസമേഖലയിൽ താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.<br><br>1. **സ്റ്റഡി ഇൻ കേരള** :-<br><br>അന്താരാഷ്ട്ര വിദ്യാർത്ഥികളെ മുഴുവൻ സമയ-ഹ്രസ്വകാല പ്രോഗ്രാമുകളിലേയ്ക്ക് ആകർഷിക്കുന്നതിനും, കേരളത്തെ ഒരു ഉന്നതവിദ്യാഭ്യാസ ഹബ്ബ് ആക്കി മാറ്റുന്നതിനും കൂടുതൽ വിദ്യാർത്ഥികളെ കേരളത്തിലേക്ക് എത്തിക്കുന്നതിനും ആവശ്യമായ കർമ്മപരിപാടികൾ സ്റ്റഡി ഇൻ കേരള എന്ന പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നു.<br><br>2. **സെന്റർ ഓഫ് എക്സലൻസ്:**<br>ഉന്നത വിദ്യാഭ്യാസ കൗൺസിൽ താഴെ പറയുന്ന സെന്റേഴ്സ് ഓഫ് എക്സലൻസ് ആരംഭിക്കുന്നതിന് 22-7-2024 ലെ സ.ഉ.(സാധാ) നം. 897/2024/ഉ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.<br>1. Centre of excellence for Teaching, Learning and Training<br>2. Kerala Institute for Science, Technology and Innovation (KISTI)<br>3. Kerala Institute of Advanced Studies (KIAS)<br>4. Kerala Network for Research-support in Higher Education (KNRSHE)<br>5. Centre for Indigenous Peoples Education (CIPE)<br>6. The Kerala Institute for Gender Equality (KIGE)<br>7. Kerala Language Network (KLN) |

കൂടാതെ 20-4-2023 ലെ സ.ഉ. (സാധാ) നം. 576/2023/ഉ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കേരള സർവ്വകലാശാല ക്യാമ്പസിൽ താണു പത്മനാഭൻ സെന്റർ ഓഫ് എക്സലൻസ് ഇൻ അസ്ട്രോണമി ആന്റ് ആസ്ട്രോഫിസിക്സ്, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ സെന്റർ ഓഫ് എക്സലൻസ് ഇൻ ന്യൂറോഡീജനറേഷൻ ആന്റ് ബ്രെയിൻ ഹെൽത്ത്, മഹാത്മാഗാന്ധി സർവ്വകലാശാലയിൽ സെന്റർ ഓഫ് എക്സലൻസ് ഇൻ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി എന്നീ സെന്റേഴ്സ് ഓഫ് എക്സലൻസുകളും ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

3. <u>**കരിക്കുലം പരിഷ്കരണം:-**</u>

കേരള സംസ്ഥാന ഹയർ എഡ്യൂക്കേഷൻ കരിക്കുലം കമ്മിറ്റിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സർവ്വകലാശാലകളിലും 850-ഓളം കോളേജുകളിലും 2024-25 അക്കാദമിക വർഷം മുതൽ നാലുവർഷ ബിരുദ പ്രോഗ്രാം നടപ്പിലാക്കിയിട്ടുണ്ട്. നാലു വർഷ ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലവും ക്രെഡിറ്റുകളും നിർവചിച്ചിരിക്കുന്നത് ദേശീയ-അന്തർദേശീയ മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടാണ്. നാലുവർഷ ബിരുദ ക്രെഡിറ്റുകൾക്ക് ലോകത്തിലെ പ്രധാനപ്പെട്ട ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനങ്ങളായ യൂറോപ്യൻ ക്രെഡിറ്റ് ട്രാൻസ്ഫർ സിസ്റ്റം (ECTS) ആയിട്ടും അമേരിക്കൻ ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനമായിട്ടും ക്രെഡിററ് കൈമാറ്റം സാധ്യമാകും. നമ്മുടെ ബിരുദങ്ങൾക്കും ഇന്റർനാഷണൽ കോമ്പാറ്റബിലിറ്റി നേടാൻ ഈ സംവിധാനം സഹായകരമാവുകയും ചെയ്യും.

**4. <u>പരിഷ്കരിച്ച പി.ജി. കരിക്കുലം</u>**

നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ തുടർച്ചയായി കരിക്കുലവും പരിഷ്ക്കരിക്കുന്നതിനുള്ള കരിക്കുലം ചട്ടക്കൂട് രൂപീകരിച്ചു.

**5. <u>എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം:</u>**

സംസ്ഥാനത്തെ സർവകലാശാലകളിലെയും കോളേജുകളിലെയും അക്കാദമിക് സമൂഹത്തിന് നൊബേൽ ജേതാക്കളടക്കമുള്ള അക്കാദമിക് വിദഗ്ധരുമായി ആശയ വിനിമയം നടത്തുന്നതിനും അതിലൂടെ അക്കാദമിക് നെറ്റ്‌വർക്ക് വികസിപ്പിക്കുന്നതിനുമായി എറുഡൈറ്റ് സ്കോളർ ഇൻ റസിഡൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

**6. ബ്രെയിൻഗെയിൻ:**

ലോകമെമ്പാടുമുള്ള പ്രശസ്ത സർവ്വകലാശാലകളിലും ഗവേഷണ സ്ഥാപനങ്ങളിലും പ്രവർത്തിക്കുന്ന അക്കാദമിക്കുകളായ മലയാളികളുടെ ഒരു സമഗ്ര ഡേറ്റാ ബെയ്സ് നിർമ്മിക്കുന്നതിനായി ലക്ഷ്യമിട്ട് ആരംഭിച്ച പദ്ധതി.

**7. ഇ - ജേർണൽ കൺസോർഷ്യം :**

സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകൾക്കും/ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഗവേഷണ പ്രവർത്തനത്തിനും മറ്റും അനിവാര്യമായ ഈ-ജേർണൽ വിഭവങ്ങൾ പ്രദാനം ചെയ്യുന്നതിന് സംസ്ഥാനതല ഈ-ജേർണൽ കൺസോർഷ്യം (State Level E-Journal Consortium) 2022-23-ൽ രൂപീകരിച്ചിട്ടുണ്ട്.

8.**ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്:**

നവകേരള സൃഷ്ടിക്ക് അനുയോജ്യമായ ഗവേഷണങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കിയ ഗവേഷണ പദ്ധതിയാണിത്.

9.**കൈരളി ഗവേഷണ പുരസ്കാരങ്ങൾ:**

ഗവേഷണരംഗത്ത് മികവ് കാട്ടുന്ന കേരളീയർക്ക് അംഗീകാരവും പ്രോത്സാഹനവും നൽകാൻ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നതാണ് കൈരളി റിസേർച്ച് അവാർഡുകൾ.

**10. K-REAP:**

സർവ്വകലാശാലാ പ്രവർത്തനങ്ങളിൽ ആധുനിക സാങ്കേതികവിദ്യ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി K-REAP എന്ന പദ്ധതി സർക്കാർ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. K-REAP -ന്റെ ഭാഗമായി വിദ്യാർത്ഥി പ്രവേശനം മുതൽ പരീക്ഷാ ഫലപ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും വരെയുള്ള മുഴുവൻ വിദ്യാർത്ഥി പഠന പ്രക്രിയകളും ഈ സംവിധാനത്തിലൂടെ ചിട്ടപ്പെടുത്തുവാൻ കഴിയും.

**11.ഡിജികോൾ (DIGICOL)**

ആഗോള വിദ്യാഭ്യാസ രംഗം ഡിജിറ്റൽ മാറ്റത്തിലേക്ക് നീങ്ങുന്നതിന്റെ പശ്ചാത്തലത്തിൽ, കേരളം 'Let's Go Digital' 'DIGICOL' എന്നിങ്ങനെ രണ്ട് പദ്ധതികൾക്ക് 2021 മുതൽ തുടക്കംകുറിച്ചു. ഈ പദ്ധതികളുടെ മുഖ്യലക്ഷ്യം ഉന്നത വിദ്യാഭ്യാസ രംഗത്ത് ഡിജിറ്റൽ സാങ്കേതികതയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക. അധ്യാപകരുടെ

| | | | |
|---|---|---|---|
| | | | ഡിജിറ്റൽ സാങ്കേതികമായ കഴിവുകൾ വർദ്ധിപ്പിക്കുക, നൂതനവും പുതുമയാർന്നതുമായ അധ്യാപനരീതി (techno pedagogy) അവലംബിക്കുന്നതിനായുള്ള പരിശീലനം നൽകുക എന്നിവയാണ്.<br><br>12. **<u>കേരള അക്കാദമിക് ലൈബ്രറി നെറ്റ് വർക്ക് (കാൽനെറ്റ്)</u>**<br><br>കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ 11 സർവകലാശാലാ ലൈബ്രറികളിലെ 15 ലക്ഷത്തോളം പുസ്തകങ്ങളും തീസിസുകളും കൂട്ടിയിണക്കി സംസ്ഥാനതലത്തിൽ കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്ക് (Kerala Academic Library Network, KALNET) പ്രവർത്തനം ആരംഭിച്ചു.<br><br>സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തൊഴിൽ ദാതാക്കളായ വിദഗ്ധരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ IOC (ഇൻഡസ്ട്രി ഓൺ ക്യാമ്പസ്) പദ്ധതി നടപ്പിലാക്കിവരുന്നു. 6 പോളിടെക്നിക്ക് കോളേജുകളിൽ ASAP-ന്റെ സഹായത്തോടെയും പാലക്കാട് സർക്കാർ പോളിടെക്നിക് കോളേജിലും 4 സർക്കാർ കോളേജുകളിലും KSUM -ന്റെ സഹായത്തോടെയും മിനിഫാബ് ലാബുകൾ ആഗോള നിലവാരത്തിലുള്ള തൊഴിലവസരങ്ങൾ ഉദ്യോഗാർഥികൾക്കും വിദ്യാർത്ഥികൾക്കും ലഭ്യമാക്കുന്നതിനായി കാലാനുസൃതമായ നൈപുണ്യ വികസന/പരിശീലന കോഴ്സുകൾ അസാപ് കേരള ആവിഷ്കരിച്ച് നടത്തി വരുന്നു.<br><br>വിദ്യാർത്ഥികൾക്കും അധ്യാപകർക്കും അന്താരാഷ്ട്ര നിലവാരത്തിലുള്ള അവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ കേരള സർവകലാശാല KUBIIC എന്ന ഇൻക്യുബേഷൻ സെന്റർ, പ്ലെയ്സ്മെന്റ് സെൽ, ഫിനിഷിംഗ് സ്കൂൾ എന്നിവ മുഖേന വിദ്യാർത്ഥികളുടെ സംരംഭകത്വ-നൈപുണ്യ വികസനത്തിൽ പരിശീലനം നടത്തിവരുന്നു. |
| (ബി) | ഉന്നതവിദ്യാഭ്യാസ മേഖലയിൽ നൂതന കോഴ്സുകൾ ആരംഭിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിലെ കോഴ്സുകളുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിന് എല്ലാ പരമ്പരാഗത കോഴ്സുകളും സിലബസുകളും കാലഘട്ടത്തിന് അനുസൃതമായി നവീകരിക്കുകയും കാലഹരണപ്പെട്ട കോഴ്സുകൾക്ക് പകരം കോഴ്സ് റീസ്ട്രക്ചറിംഗ് നടത്തി പുതുതലമുറ കോഴ്സുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും |

വിദ്യാർത്ഥികൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പ്രാധാന്യം നൽകിക്കൊണ്ട് 2024-25 അക്കാദമിക വർഷം മുതൽ നാലുവർഷ ബിരുദ പരിപാടി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പരിഷ്കരണത്തിന്റെ ഭാഗമായി വിദ്യാർഥികൾക്ക് അവരവരുടെ ധിഷണയ്ക്കനുസൃതമായ കോഴ്സുകൾ തെരഞ്ഞെടുത്ത് പഠിക്കുവാനുള്ള അവസരം ലഭിക്കുന്നു. അതോടൊപ്പം ബിരുദപഠനം ഗവേഷണത്തോടൊപ്പം പൂർത്തീകരിക്കുന്നതിനുള്ള അവസരവും വിദ്യാർത്ഥികൾക്ക് ലഭിക്കുന്നു.

2025 അധ്യയന വർഷം പുതുതായി ആരംഭിച്ച വയനാട് മോഡൽ ഡിഗ്രി കോളേജ്, കേസരി സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജ് എന്നിവിടങ്ങളിൽ B.Com (Hons.) with specialization in Finance and Taxation & Logistics Management, B.Sc (Hons.) Cyber Forensic with Specialization in Network Security & Operating System Architecture, B.A (Hons.) Journalism & Mass Communication, B.Sc Geo-Informatics and Remote Sensing, B.Sc. Psychology and Neuro Sciences, B.Com. Finance with Forensic Accounting എന്നിങ്ങനെയുള്ള പുതുതലമുറ കോഴ്സുകൾ ആണ് അനുവദിക്കപ്പെട്ടിട്ടുള്ളത്.

സർക്കാർ/ എയ്ഡഡ് എൻജിനീയറിങ് കോളേജുകളിൽ അനുവദിച്ചിട്ടുള്ള നൂതന കോഴ്സുകളുടെ വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു.

സംസ്ഥാനത്തെ എയ്ഡഡ് പോളിടെക്നിക് കോളേജിൽ ഒന്നായ സീതി സാഹിബ് മെമ്മോറിയൽ പോളിടെക്നിക് കോളേജ് തിരൂരിൽ 2025-26 അക്കാദമിക വർഷം മുതൽ സെൽഫ് ഫിനാൻസിങ് മോഡിൽ സിവിൽ എഞ്ചിനീയറിങ് & പ്ലാനിംഗ്, ഇലക്ട്രിക്കൽ എഞ്ചിനീയറിങ് & ഇലക്ട്രിക് വെഹിക്കിൾ ടെക്നോളജി എന്നീ ത്രിവൽസര ഡിപ്ലോമ കോഴ്സുകൾ (60 സീറ്റ്) ആരംഭിച്ചിട്ടുണ്ട്.

എഞ്ചിനീയറിങ് സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ നൂതനമായ അറിവുകളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനായി എൽബിഎസ് വനിതാ എഞ്ചിനീയറിങ് കോളേജിൽ ഇലക്ട്രോണിക്സ് ആൻഡ് കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് എന്ന യു.ജി കോഴ്സും, റോബോട്ടിക് ആൻഡ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്ന പി.ജി കോഴ്സും ആരംഭിക്കുകയുണ്ടായി. എൽ.ബി.എസ് കോളേജ്

| | | | |
|---|---|---|---|
| | | | ഓഫ് എഞ്ചിനീയറിംഗ് കാസറഗോഡ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് ടാറ്റ സയൻസ്, ടിസിഎസുമായി സഹകരിച്ച കമ്പ്യൂട്ടർ സയൻസ് ആൻഡ് ബിസിനസ് സിസ്റ്റംസ് എന്ന യു ജി കോഴ്സുകളും ആരംഭിക്കുകയുണ്ടായി.<br><br>ഐ എച്ച് ആർ ഡി -യുടെ വിവിധ സ്ഥാപനങ്ങളിൽ AI അധിഷ്ഠിത വിവിധ ഹ്രസ്വകാല ഓൺലൈൻ കോഴ്സുകളും, robotics, machine learning എന്നിവ ഉൾപ്പെടെയുള്ള നൂതന ടെക്നോളജി ആസ്പദമാക്കി വിവിധ ബിരുദ ബിരുദാനന്തര കോഴ്സുകളും ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ Empowering Artificial Intelligence തീമിൽ റിസർച്ച് സെന്റർ ആരംഭിച്ചു. IHRD -ൽ PG Diploma In Cyber Forensics (PGDCF) എന്ന പുതിയ കോഴ്സുകളും നടത്തിവരുന്നു.<br><br>നൂതന കോഴ്സുകൾ സംബന്ധിച്ച സർവകലാശാല തലത്തിലുള്ള വിവരം അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | വിദേശ സർവകലാശാലകളുമായി ചേർന്ന് സംസ്ഥാനത്ത് ഉന്നതപഠനം സാധ്യമാക്കുന്നതിന് സർവകലാശാലകൾ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ? | (സി) | വിശദാംശം അനുബന്ധം 3 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം. I

| GOVT. ENGINEERING COLLEGE -STARTING NEW -GEN COURSES | | | | | |
|---|---|---|---|---|---|
| No | Course Sanctioned Year | Institutions | Program | Course | Govt. Order |
| 1 | " | CET, TRIVANDRUM | M.Tech | Robotics & Automation | G.O(MS)No: 152/2018 dtd: 03/07/2018 |
| 2 | 2020-2021 | CET, TRIVANDRUM | M.Tech | Artificial Intelligence (18 Seats) | G.O.(Rt)No.616/2020/HEDN, dtd:15.05.2020 |
| 3 | " | " | B.Tech | Computer Science & Engineering (Additional Batch) (60 Seats) | G.O.(Rt)No.1192/2020/HEDN, dtd:25.09.2020 |
| 4 | " | CET, TRIVANDRUM | M.Tech | Computer Science & Engineering - Artificial Intelligence (18 Seats) | G.O.(Rt)No.390/2020/HEDN, dtd: 06.11.2020 |
| 5 | | | M.Tech | Electronics & Communication Engineering - VLSI & Embedded Systems (18 Seats) | " |
| 6 | " | GEC PALAKKAD | M.Tech | Mechanical Engineering - Robotics (18 Seats) | " |
| 7 | " | GEC, KOZHIKODE | B.Tech | Computer Science Engineering Dept. - Computer Science & Design (60 Seats) | G.O.(Rt)No.404/2022/HEDN, dtd: 23.08.2022 |

| | | | | | |
|---|---|---|---|---|---|
| 8 | " | RIT, KOTTAYAM | B.Tech | Electronics & Communication Engineering - Robotics & Artificial Intelligence (30 Seats) | G.O.(Ms)No.490/2022/HEDN, dtd: 03.10.2022. |
| 9 | " | GEC, PALAKKAD | M.Tech | Information Technology Dept., - Artificial Intelligence & Data Science (18 Seats) | G.O.(Ms)No.665/2023/HEDN, dtd: 29.11.2023. |
| | | | M.Tech | Electronics & Communication Engineering - Internet of Things (18 Seats) | " |
| 10 | " | GEC, THRISSUR | M.Tech | Electronics & Communication Engineering - Robotics & Automation (18 Seats) | " |
| 11 | " | GEC, THRISSUR | B.Tech | Cyber Physical System (Electronics & Communication Engineering) (60 Seats) | " |
| 12 | " | GEC BARTONHILL, TVM | M.Tech | Artificial Intelligence & Data Science (18 Seats) (Inter Desciplinary course) | G.O.(Rt)No.1002/2024/HED, dtd: 08.08.2024 |
| | | | M.Tech | Mechanical Engineering - Mechatronics (18 Seats) | " |

| AIDED ENGINEERING COLLEGE (STARTING NEW COURSES IN 2020-2024) | | | | | |
|---|---|---|---|---|---|
| No | Year | Institutions | Program | Course | Govt. Order |
| 1 | 2020-2021 | TKM, KOLLAM | M.Tech | Artificial Intelligence (18 Seats) | G.O.(Rt)No.610/2020/HEDN, dtd:15.05.2020 |
| 4 | " | MAR ATHANASIOUS COLLEGE, KOTHAMANGALAM | B.Tech | Computer Science & Engineering - Data Science (60 Seats) | " |
| 6 | 2022-2023 | TKM, KOLLAM | B.Tech | Electrical & Computer Engineering (60 Seats) | G.O.(Rt)No.1188/2022/HEDN, dtd: 02.08.2022 |
| 7 | " | NSS, PALAKKAD | M.Tech | Instrumentation & Control Engineering Dept. - Bio Medical Engineering (18 Seats) | G.O.(Rt)No.1189/2022/HEDN, dtd: 02.08.2022 |
| 8 | " | MAR ATHANASIOUS COLLEGE, KOTHAMANGALAM | B.Tech | Computer Science & Engineering - Artificial Intelligence & Machine Learning (60 Seats) | G.O.(Rt)No.1207/2022/HEDN, dtd: 04.08.2022 |
| 11 | 2024-2025 | TKM, KOLLAM | B.Tech | Computer Science & Engineering - Artificial Intelligence (60 Seats) | G.O.(Rt)No.1056/2024/HEDN, dtd: 16.08.2024 |
| 12 | " | " | M.Tech | Electric Vehicle Technology (18 Seats) | " |
| 13 | 2025-2026 | MAR ATHANASIOUS COLLEGE, KOTHAMANGALAM | B.Tech | Computer Science & Engineering - Data Science (60 Seats, Additional Batch) | G.O(Rt)No.60/2025/HEDN, 10.01.2025 |

| | | | | | |
|---|---|---|---|---|---|
| 13 | " | RIT, KOTTAYAM | M.Tech | Mechanical Engineering Dept., - Data Science (18 Seats) | " |
| | | | " | Robotics & Artificial Intelligence (18 Seats) (Inter Desciplinary course) | " |
| | | | " | Electric Vehicle Technology (18 Seats) (Inter Desciplinary course) | " |
| 14 | " | CET, TRIVANDRUM | B.Tech | Electrical & Electronics Engineering Dept. - Electrical & Computer Engineering (60 Seats) | G.O.(Rt)No.942/2024/HED, dtd: 29.07.2024 |
| 15 | " | GEC, KANNUR | M.Tech | Artificial Intelligence & Data Science (18 Seats) Computer Science & Engineering | G.O.(Rt)No.1164/2024/HED, dtd: 13.09.2024 |
| 16 | 2025-2026 | " | " | Internet of Things | G.O.(Rt)No.88/2025/HED, dtd: 17.01.2025 |
| 17 | " | GEC, IDUKKI | B.Tech | Robotics & Artificial Intelligence (30 Seats) | G.O.(Rt)No.1082/2025/HED, dtd: 11.08.2025 |

Section Officer

**Annexure 2**

## 1.കേരള സർവകലാശാല

കേരള സർവകലാശാലയിൽ പുതുതലമുറ കോഴ്സുകൾ പഠനപദ്ധതിയിൽ ഉൾപെടുത്തുന്നതിന്റെ ഭാഗമായി താഴെപറയുന്ന ഒൻപത് പുതിയ പഠന വകുപ്പുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

1 കമ്മ്യൂണിക്കേഷൻ സയൻസ് ആൻഡ് ഇലക്ട്രോണിക്സ് വകുപ്പ്

2 ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് റോബോട്ടിക്സ് വകുപ്പ്

3 ഡാറ്റാ സയൻസ് വകുപ്പ്

4 ഫങ്ക്ഷണൽ ഓർഗാനിക് മെറ്റീരിയൽസ് വകുപ്പ്

5 ഓഷ്യനോഗ്രാഫി ആൻഡ് ബ്ലൂ ഇക്കോണമി വകുപ്പ്

6 റിന്യൂവബിൾ എനർജി വകുപ്പ്

7 ഇന്റഗ്രേറ്റീവ് ബിയോളജി വകുപ്പ്

8 അറ്റ്മോസ്ഫെറിക് സയൻസ് വകുപ്പ്

9 ഡിസൈൻ വകുപ്പ്

## 2. കുസാറ്റ്

കുസാറ്റിൽ 2025-26 അദ്ധ്യയന വർഷം ഈ സർവ്വകലാശാലയിൽ ആരംഭിച്ചിട്ടുള്ള പുതിയ പ്രോഗ്രാമുകളും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**ACADEMIC YEAR 2025-2026**

| Sl.No. | NAME OF PROGRAMM | DEPARTMENT |
|---|---|---|
| 1 | Five year Integrated M.Sc in Environmental Science and Technology | School of Environmental Studies |
| 2 | Five year integrated MCA | Department of Computer |
| 3 | Executive M.Tech in computer Science and Engineering | Department of Computer |
| 4 | M.Tech Computer Science & Engineering (Data Science and Artificial Intelligence) Executive | Department of Computer Science |
| 5 | International Dual Masters programme in Management (IDMPM) | School of Management Studies |
| 6 | M.Voc programme in Banking and Finance | Deen Dayal Upadhyay Kaushal Kendra(DDUK) |

| | | |
|---|---|---|
| 7 | M.Tech programme in Synthetic Biology and Bio manufacturing in collaboration with the NCAAH | NCAAH |

### 3. കണ്ണൂർ സർവകലാശാല

സർവകലാശാലയുടെ വിവിധ പഠന വകുപ്പുകളിലായി 2020-21 അധ്യയന വര്ഷം മുതൽ താഴെ പറയും വിധമുള്ള നൂതന (പുതുതലമുറ) പ്രോഗ്രാമുകൾ ആരംഭിച്ചിട്ടുണ്ട് .

| Sl No. | Name of the Programme | Department |
|---|---|---|
| 1 | M Sc. Computational Biology | IT |
| 2 | M Sc. Nano Science & Nano Technology | Physics, Chemistry Departments |
| 3. | Msc Plant Science with Specialization in Ethnobotany Botany | Botany |

കൂടാതെ 2020-21 അക്കാദമിക് വർഷത്തിൽ, 05.11.2020 തിയ്യതിയിലെ G.O(Ms) No.389/2020/HEDN സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, കണ്ണൂർ സർവകലാശാലക്ക് കീഴിലുള്ള 7 എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിലായി 7 ബിരുദാനന്തര കോഴ്സുകൾ (ന്യൂ ജനറേഷൻ കോഴ്സ്കൾ) അനുവദിച്ചിട്ടുണ്ട്.

| Sl No. | Name of College | Name of Programme | Sanctioned Intake | District |
|---|---|---|---|---|
| 1 | St. Pius X College, Rajapuram | Bsc Life Sciences (Zoology) & Computational Biology with Microbiology and Computer Science as Complementary subjects | 25 | Kasaragod |
| 2 | Nirmalagiri College, Kuthuparamba | M Sc Zoology (Structure, Physiology, Development and Classification of Animals) | 12 | Kannur |
| 3. | Nehru Arts and Science College, Kanhangad | Integrated M Sc in Computer Science with Specialization in Artificial intelligence and Machine Learning | 20 | Kasargod |

| | | | | |
|---|---|---|---|---|
| 4 | Sir Syed College, Taliparamba | Bachelor of Multimedia & Communication | 30 | Kannur |
| 5 | Mahatma Gandhi College,Iritty | B Sc Chemistry(Physics & Mathematics Complementary) | 25 | Kannur |
| 6 | Sree Narayana College, Thottada, Kannur | Msc Mathematics (Multivariate Calculus & Mathematical Analysis, Modelling & Simulation , Financial Risk , Management) | 15 | Kannur |
| 7 | Beja Model College of Arts and Science, Kasaragod | B A Social Sciences-Optional History | 40 | Kasaragod |

## 4. നുവാൽസ്

നുവാൽസിലെ കോഴ്സുകളുടെ സിലബസുകൾ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി റീ വാംബ് ചെയ്യുകയും പുതിയ പഠനവിഷയങ്ങൾ ആവശ്യം വേണ്ടുന്ന സന്ദർഭങ്ങളിൽ ചേർക്കുകയും ചെയ്തുവരുന്നു. കാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ പുതിയ കോഴ്സുകൾ നുവാൽസിൽ നിലവിലുണ്ട്.

**5. എസ്.എൻ.ഓപ്പൺ യൂണിവേഴ്സിറ്റി**

നാലുവർഷ ബിരുദ പ്രോഗ്രാമുകൾക്കു പുറമേ, ഐ.സി.ടി അക്കാദമി, കെൽട്രോൺ പോലുള്ള സ്ഥാപനങ്ങളുമായി ചേർന്ന് ഐടി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡാറ്റാ സയൻസ്, പോലുള്ള തൊഴിൽ സാധ്യത ഉള്ള നൈപുണ്യ മേഖലകൾക്ക് ഊന്നൽ നൽകുന്ന ഹ്രസ്വകാല, സർട്ടിഫിക്കേഷൻ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല നടത്തി വരുന്നു.

**6. മഹാത്മാഗാന്ധി സർവകലാശാല**

മഹാത്മാഗാന്ധി സർവകലാശാലയിൽ താഴെ പറയുന്ന പഠന വകുപ്പുകളിൽ നൂതനകോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്.

| എണ്ണം | പഠനവകുപ്പുകൾ | കോഴ്സുകൾ |
|---|---|---|
| 1. | സ്കൂൾ ഓഫ് ആർട്ടിഫിഷ്യൽ | എം.എസ്.സി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ് |

| | | |
|---|---|---|
| | ഇന്റലിജൻസ് ആൻഡ് റോബോട്ടിക്സ് | |
| 2 | സ്കൂൾ ഓഫ് നാനോസയൻസ് ആൻഡ് നാനോടെക്നോളജി | 1. എം.ടെക്. നാനോ സയൻസ് ആൻഡ് ടെക്നോളജി<br>2. എം.എസ്.സി ഫിസിക്സ് (നാനോ സയൻസ് ആൻഡ് ടെക്നോളജി)<br>3. എം.എസ്.സി കെമിസ്ട്രി (നാനോ സയൻസ് ആൻഡ് ടെക്നോളജി)<br>4. എം.എസ്.സി ഫിസിക്സ് (ജോയിന്റ്പ്രോഗ്രാം വിത് കണ്ണൂർ യൂണിവേഴ്സിറ്റി)<br>5. എം.എസ്.സി കെമിസ്ട്രി (ജോയിന്റ്പ്രോഗ്രാം വിത് കണ്ണൂർ യൂണിവേഴ്സിറ്റി) |
| 3 | സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ് | 1. എം.ടെക് എനർജി സയൻസ് ആൻഡ് ടെക്നോളജി<br>2. എം.എസ്.സി ഫിസിക്സ് – സ്പെഷ്യലൈസേഷൻ ഇൻ എനർജി സയൻസ്<br>3. എം.എസ്.സി കെമിസ്ട്രി – സ്പെഷ്യലൈസേഷൻ ഇൻ എനർജി സയൻസ്<br>4. എം.എസ്.സി മെറ്റീരിയൽ സയൻസ് – സ്പെഷ്യലൈസേഷൻ ഇൻ എനർജി സയൻസ് |
| 4 | സ്കൂൾ ഓഫ് ഫുഡ് സയൻസ് ആൻഡ് ടെക്നോളജി | എം.എസ്.സി ഫുഡ് സയൻസ് ആൻഡ് ടെക്നോളജി |
| 5 | സ്കൂൾ ഓഫ് പോളിമർ സയൻസ് ആൻഡ് ടെക്നോളജി | എം.എസ്.സി ഇൻഡസ്ട്രിയൽ പോളിമർ സയൻസ് ആൻഡ് ടെക്നോളജി |
| 6 | സ്കൂൾ ഓഫ് ഡാറ്റാ അനലിറ്റിക്സ് | എം.എസ്.സി ഡാറ്റ സയൻസ് ആൻഡ് അനലിറ്റിക്സ് |

**7. സംസ്കൃത സർവകലാശാല**

- 2023 അധ്യയന വർഷം മുതൽ സർവകലാശാലയിൽ Dual Main Masters in Disaster Management, Post Graduate Diploma in Sanskrit Computational linguistics എന്ന പ്രോഗ്രാമുകൾ പ്രൊജക്റ്റ് മോഡ് സ്കീമിൽ ആരംഭിച്ചിട്ടുണ്ട്.

- 2024 അധ്യയന വർഷം മുതൽ സർവകലാശാലയിൽ 14 പഠന വകുപ്പുകളിൽ FYUGP മേജർ പ്രോഗ്രാമുകൾ ആരംഭിച്ചു. 2025 – 2026 അധ്യയന വർഷം ഉറുദു പഠന വകുപ്പിലും കൂടി FYUGP മേജർ പ്രോഗ്രാം ആരംഭിച്ച് ആകെ 15 പഠന വകുപ്പുകൾ നിലവിൽ FYUGP മേജർ പ്രോഗ്രാമുകൾ ഓഫർ ചെയ്യുന്നുണ്ട്. ഇതിനു പുറമെ വിവിധ പഠന വകുപ്പുകൾ FYUGP മൈനർ പ്രോഗ്രാമുകളും ഓഫർ ചെയ്യുന്നുണ്ട്.

**8. മലയാളം സർവകലാശാല–** 2 നാല് വർഷബിരുദപ്രോഗ്രാമുകൾ (FYUGP) മലയാളം സർവകലാശാലയിൽ ആരംഭിച്ചു.

**9. കാലിക്കറ്റ് സർവകലാശാല**

ഉന്നതവിദ്യാഭ്യാസ മേഖലയിൽ നൂതന കോഴ്സുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി കോഴ്സുകളുടെ സിലബസും കരിക്കുലവും കാലിക്കറ്റ് സർവകലാശാല തയ്യാറാക്കിയിട്ടുണ്ട്. കാലിക്കറ്റ് സർവകലാശാലയ്ക്ക് കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിൽ നൂതന കോഴ്സുകൾ ആരംഭിക്കുന്നതിന് സർവകലാശാല സ്റ്റാറ്റ്യൂട്ട് അനുശാസിക്കുന്ന വ്യവസ്ഥകൾ പ്രകാരം ലഭിക്കുന്ന അപേക്ഷകളിൽമേൽ സമയബന്ധിതമായി നടപടി സ്വീകരിക്കാറുണ്ട്.

**10. കേരള സാങ്കേതിക സർവകലാശാല**

കേരളാ സ്റ്റാർട്ട് അപ്പ് മിഷനുമായി കൈകോർത്തുകൊണ്ടു Engineering Entrepreneurship & IPR എന്ന കോഴ്സ് പുതിയ പാഠ്യ പദ്ധതിയുടെ ഭാഗമായി ബിരുദ പ്രോഗ്രാമുകളുടെ രണ്ടാം സെമെസ്റ്ററിൽ ഉൾപെടുത്തിയിട്ടുള്ളതാണ്. വിദ്യാർത്ഥികളിലെ സംരംഭകത്വ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സംരംഭകത്വ മേഖലയിൽ മികവ് തെളിയിക്കുന്നതിനുള്ള അവസരങ്ങൾ ലഭ്യമാക്കുന്നതിലേക്കുമായി Start Up Cell Do Intellectual Property Rights -മായി ബന്ധപ്പെട്ട ബോധവത്കരണത്തിലേക്കായി IPR Centre -ഉം സർവകലാശാല സ്ഥാപിച്ചിട്ടുണ്ട്. സാങ്കേതിക ശാസ്ത്ര വിദ്യാഭ്യാസ മേഖലയെ അന്തർദേശീയ തലത്തിലേക്കുയർത്തുക എന്ന ലക്ഷ്യത്തോടെ, നൈപുണ്യ വികാസത്തിനും ഗവേഷണത്തിനും മുൻതൂക്കം നൽകിക്കൊണ്ടുള്ള പഠന ഗവേഷണ സ്കൂളുകൾ 2024-25 അക്കാദമിക വർഷം ആരംഭിച്ചിട്ടുണ്ട്.

Section Officer

## 1.കേരള സർവകലാശാല

കേരള സർവകലാശാല 14 ഓളം വിദേശ രാജ്യങ്ങളുമായി ചേർന്ന് 22 ധാരണാ പത്രങ്ങൾ ഒപ്പുവച്ചിട്ടുണ്ട്. ഇതുവഴി ഗവേഷണ രംഗത്തു മുൻനിരയിൽ നിൽക്കുന്ന അന്താരാഷ്ട്ര സർവകലാശാലകളുമായി യോജിച്ചു പ്രവർത്തിക്കുവാനാകും. ഇത് വിദ്യാർത്ഥികൾക്ക് വലിയ രീതിയിലുള്ള സാധ്യതകൾ നൽകുന്നു. Faculty/ Student Exchange Programme -കളുടെ ഭാഗമായി സർവകലാശാലയിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും വിദേശ സർവകലാശാലകളിലേക്ക് വിവിധ ഗവേഷണ/ പഠന സംബന്ധമായ പ്രോഗ്രാമുകളിൽ പങ്കെടുക്കുവാനും അന്താരാഷ്ട്ര നിലവാരത്തിലുള്ള ഗവേഷകരോട് സംവദിക്കുവാനും തിരിച്ചും അവസരം ലഭിക്കുന്നു. കേരളസർവകലാശാലയിലെ വിവിധ പഠന വകുപ്പുകളിൽ നിന്നും ലഭിക്കുന്ന Collaboration proposals സെന്റർ ഫോർ ഗ്ലോബൽ അക്കാഡമിക്സിന്റെയും സർവകലാശാല സിൻഡിക്കേറ്റിന്റെയും അനുമതിയോടുകൂടി ആണ് നടപ്പിലാക്കിയിരുന്നത്. ഇതുമായി ബന്ധപ്പെട്ട് നടപ്പിൽവരുത്തിയ വിദേശ സർവ്വകലാശാലകളുമായുള്ള അക്കാദമിക സഹകരണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | | | | | | |
|---|---|---|---|---|---|---|
| 1 | Teesside University, United Kingdom on the Arts and Humanities Research Council (AHRC) funded network | Centre for Cultural Studies, University of Kerala | Inter national | UK | For collaborating with them in a new interdisciplinary and translational research network, "World making Words: Connecting women's literary agency, activism and enterprise in South Asia", funded by the Arts and Humanities Research Council (AHRC) of United Kingdom. | 2024 |
| 2 | United Kingdom Research and Innovation as represented by the British Geological Survey | Department of Geology | Inter national | UK | Enter into a co-operative relationship for the general purpose of promoting research and other collabora-tive activity for the mutual benefit of the Parties | 2025 |
| 3 | The Chancellor, Masters and Scholars of the University of Cambridge and the University of Kerala | Department of Archaeology | Inter national | UK | Collaboration agreement | 2025 |

**2. കുസാറ്റ്**

കുസാറ്റിൽ വിദേശ സർവ്വകലാശാലകളുടെ സഹകരണത്തോടുകൂടി **1)** International Dual Masters Programme in Management **2)** Dual Masters in Science in New Generation of Electronic Component Base എന്നീ രണ്ട് പ്രോഗ്രാമുകൾ നടത്തി വരുന്നുണ്ട്.

## 3. കണ്ണൂർ സർവകലാശാല

കണ്ണൂർ സർവകലാശാല അക്കാദമിക ഗവേഷണ രംഗങ്ങളിൽ സഹകരണത്തിനായി ചുവടെ ചേർത്തിട്ടുള്ള വിദേശ സർവകലാശാലകൾ/ സ്ഥാപനങ്ങൾ എന്നിവയുമായി ധാരണാപത്രത്തിൽ/ കരാറുകൾ ഒപ്പുവച്ചിട്ടുണ്ട്:-

1. Origon State University College of Forestry, USA
2. University of Erfurt, Germany
3. Atlantic Technological University, ATU Sligo, lreland
4. Modelling for Human & Nature lnteractions Group, University of Geneva, Switzerland
5. Universidad Autonoma D Nuevo Leon, Mexico
6. Maldives National University(MNU), Maldives
7. University of West London, RAK Branch Campus, UAE

## 4. നുവാൽസ്

നുവാൽസിൽ  വിദേശ സർവ്വകലാശാലകളുമായുള്ള MOU നടപടികൾ പുരോഗമിക്കുന്നു.

## 5. എസ്.എൻ.ഓപ്പൺ യൂണിവേഴ്സിറ്റി

കേംബ്രിഡ്ജ് സർവകലാശാലയുടെ പ്രസിദ്ധീകരണ സ്ഥാപനമായ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി പ്രസ്സ് ആൻഡ് അസ്സസ്സ്മെന്റ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡുമായി സഹകരിച്ച് ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല ഇംഗ്ലീഷ് ഭാഷാ വിഷയത്തിൽ സർട്ടിഫിക്കറ്റ് പ്രോഗ്രാം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## 6. മഹാത്മാഗാന്ധി സർവകലാശാല

UGC Regulation 2022 (Academic Collaboration between Indian And Foreign Higher Educational Institutions to offer Twinning, Joint Degree, and Dual degree Programmes)-നടപ്പിൽ വരുത്തുന്നതിനായി Mahatma Gandhi University Regulation for Academic Collaboration between Mahatma Gandhi University and Foreign Higher Educational Institutions (to offer Twinning Joint Degree,and Dual Degree Programmes) 2022 പ്രത്യേകമായി രൂപീകരിച്ചിട്ടുണ്ട്. നിലവിൽ മഹാത്മാഗാന്ധി സർവ്വകലാശാല ഗവേഷണവും അക്കാദമിക് സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി താഴെ പറയുന്ന വിദേശ സർവ്വകലാശാലകളുമായി ധാരണാപത്രങ്ങൾ ഒപ്പ് വച്ചിട്ടുണ്ട് .

1. Taylor's University, Malaysia &University of Toulouse Jean Jaures, France
2. Institute of Physics Belgrade (IPB), Serbia
3. Ghent University, Belgium
4. Radboud University,The Netherlands
5. M.Auezov South Kazkhstan University, South Kazkhstan
6. Jimma University, Ethiopia
7. Coppin State University, USA
8. James Cook University, Australia
9. Adelphi University College of Education and Health Sciences, USA
10. Hasan Kalayoncu University, Turkey

## 7. സംസ്കൃത സർവകലാശാല

സംസ്കൃത സർവകലാശാല സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു

- സർവ്വകലാശാലയിൽ വിദേശവിദ്യാർത്ഥികളുടെ പ്രവേശനം, Student Exchange എന്നിവയുമായി ബന്ധപ്പെട്ട് യു.ജി.സി. മാനദണ്ഡങ്ങൾക്കനുസൃതമായി റെഗുലേഷൻ (Academic Collaborations between SSUS and Foreign Higher Educational Institutions) രൂപീകരിക്കുകയും തുടർപ്രവർത്തനങ്ങൾക്കായി Office of International Affairs (OIA) സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.
- യൂറോപ്യൻ യൂണിയന്റെ അധ്യാപക-വിദ്യാർത്ഥി കൈമാറ്റത്തിനായുള്ള പ്രശസ്തമായ സാമ്പത്തിക സഹായ പദ്ധതിയായ Erasmus+ സ്കീമിൽ Central European University യുമായി Inter Institutional Agreement-ൽ സർവകലാശാല ഒപ്പ് വയ്ക്കുകയും അതിന്റെ ഭാഗമായി 2025-ൽ സർവകലാശാലയിലെ രണ്ട് ഗവേഷക വിദ്യാർത്ഥികൾക്ക് യൂറോപ്യൻ യൂണിയന്റെ സാമ്പത്തിക സഹായത്തോടെ CEU-യിൽ പഠനം നടത്താൻ അവസരം ലഭിക്കുകയും ചെയ്തു. 2026 വർഷത്തെക്കുള്ള Erasmus+ വിദ്യാർഥി കൈമാറ്റത്തിനായുള്ള നടപടികൾ സർവകലാശാല ആരംഭിച്ചിട്ടുണ്ട് .
- അന്താരാഷ്ട്ര അക്കാദമിക് സഹകരണത്തിലെ ഒരു സുപ്രധാന നാഴികക്കല്ല് എന്ന നിലയിൽ, സംസ്കൃത സർവകലാശാല, ഗ്രോണിൻഗെൻ സർവകലാശാല (നെതർലാൻഡ്സ്), ജാഗിയല്ലോണിയൻ സർവകലാശാല (പോളണ്ട്), നാഷണൽ യൂണിവേഴ്സിറ്റി ഓഫ് മെക്സിക്കോ (യുഎൻഎഎം) എന്നിവ ഉൾപ്പെടുന്ന സംയുക്ത സംരംഭമായ ഇറാസ്മസ് മുണ്ടസ് ജോയിന്റ് എംഎ പ്രോഗ്രാം (EMIM)-ന് യൂറോപ്യൻ കമ്മീഷന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രോഗ്രാമിലൂടെ വിദേശ വിദ്യാർഥികൾ ഒരു സെമെസ്റ്ററിൽ പഠനം നടത്തുന്നതിന് സംസ്കൃത സർവകലാശാലയിൽ എത്തുന്നതാണ്. EMJM പ്രോഗ്രാമുമായി ബന്ധപ്പെട്ട ഭരണ-അക്കാദമിക് നടപടിക്രമങ്ങൾ സർവകലാശാലയിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

- സംസ്കൃത സർവ്വകലാശാലയും നെതർലൻഡ്സിലെ Groningen യൂണിവേഴ്സിറ്റിയും തമ്മിൽ Student and Faculty exchange-നായി ധാരണപത്രത്തിൽ ഒപ്പ് വയ്ക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്.
- സർവകലാശാലയിലെയും മറ്റ് വിദേശ സർവകലാശാലകളിലെ വിദ്യാർത്ഥികൾക്കും പരസ്പരം അക്കാദമിക് ക്രെഡിറ്റുകൾ കൈമാറ്റം ചെയ്യുന്നതിനും സർവകലാശാലയിലെ വിദേശ വിദ്യാർത്ഥി Credit Transfer and Board of Studies Network (BOSN) – Regulation for Collaboration with Higher Education Institutions Abroad നടപ്പിലാക്കിയിട്ടുണ്ട്.

**8. മലയാളം സർവകലാശാല–** വിദേശസർവകലാശാലകളുമായി ചേർന്ന് സംസ്ഥാനത്ത് ഉന്നതപഠനം ആരംഭിക്കുന്നതിനുള്ള നടപടികൾ മലയാളസർവകലാശാല ആരംഭിച്ചിട്ടില്ല.

**9. കാലിക്കറ്റ് സർവകലാശാല**

- വിവിധ വിഷയങ്ങളിലെ വിദഗ്ധരെ ക്ഷണിച്ച് വിദ്യാർത്ഥികളും ഗവേഷകരും അധ്യാപകരുമായി സംവദിക്കാനുള്ള അവസരങ്ങൾ ഒരുക്കാൻ 'Frontier Lecture Series' എന്ന പദ്ധതി സർവകലാശാലയിൽ പ്രവർത്തിക്കുന്നുണ്ട് .
- വിദേശ സർവകലാശാലകളുമായി ജോയിന്റ് ഡിഗ്രി പ്രോഗ്രാം നടപ്പാക്കുന്നതിന്റെ ഭാഗമായി ജർമ്മനിയിലെ എർഫർട് യൂണിവേഴ്സിറ്റിയുമായി ധാരണപത്രം ഒപ്പിടുകയും ജോയിന്റ് ഡിഗ്രി പ്രോഗ്രാം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.
- വിദേശ സർവകലാശാലയിൽ നിന്നുള്ള വിദഗ്ധർ, വിവിധ സർവകലാശാല പഠനവകുപ്പുകൾ സന്ദർശിക്കുകയും അവിടെ നടക്കുന്ന സെമിനാർസ് /സിമ്പോസിയ എന്നിവയിൽ ഗവേഷണ പുരോഗതിയെക്കുറിച്ച് സംസാരിക്കാറുണ്ട്. കേന്ദ്രഗവൺമെന്റിന്റെ വിദ്യാഭ്യാസ മന്ത്രാലയത്തിന് കീഴിലുള്ള SPARC - പദ്ധതിയിൽ Linköping University, Sweden, Polytechnic University of Cartagena, Spain എന്നിവിടങ്ങളിൽ നിന്ന് മൂന്ന് ഗവേഷകർ രണ്ടുമാസത്തോളം സർവകലാശാലയിൽ ചെലവിടുകയും, കാലിക്കറ്റ് സർവകലാശാലയിലെ മൂന്ന് ഗവേഷകർ സ്വീഡനിലെ പങ്കാളി സർവകലാശാലയിൽ ഒരു വർഷത്തിലധികം സമയം ഗവേഷണത്തിനായി ചെലവിടുകയും ചെയ്തു.

**10. കേരള സാങ്കേതിക സർവകലാശാല**

സാങ്കേതിക വിദ്യാഭ്യാസ മേഖലയിലെ Teaching and Learning methods പരിഷ്കരിക്കുന്നതിനായി Human Resources Development Centre സർവകലാശാലയിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ വിദേശ യൂണിവേഴ്സിറ്റികളുമായി ചേർന്ന് സംയുക്ത ബിരുദം, ഡ്യുവൽ ഡിഗ്രി പ്രോഗ്രാമുകൾ, വിദ്യാർത്ഥികളുടെ കൈമാറ്റം, അധ്യാപക കൈമാറ്റം, ട്വിന്നിങ് പ്രോഗ്രാമുകൾ തുടങ്ങിയ വിഷയങ്ങളിന്മേലുള്ള ചർച്ചകളും നടപടികളും സർവകലാശാല തലത്തിൽ പുരോഗമിച്ചുവരുന്നു.

Section Officer